LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി

29 [1713] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിൽ സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ലഭിച്ച എത്ര അപേക്ഷകളിൻമേൽ ഇനിയും തീരുമാനം എടുക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ബോർഡിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടം പറ്റി മരിച്ചവരുടെ ആശ്രിതരിൽ ആർക്കെങ്കിലും ഇനിയും ജോലി നൽകേണ്ടതായിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ബോർഡിന്റെ പരിഗണനയിലിരിക്കുന്ന കേസുകൾ എത്ര;

(ഡി) സർവ്വീസിലിരിക്കെ അംഗവൈകല്യം സംഭവിച്ചവർക്ക് പെൻഷൻ നൽകുന്ന പദ്ധതി പ്രകാരം ലഭിച്ച എത്ര അപേക്ഷയിൻമേൽ ഇനിയും തീരുമാനം എടുക്കാൻ ബാക്കിയുണ്ടെന്നും എത്ര പേർക്ക് പെൻഷൻ നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 53 അപേക്ഷകളിൽ.

(ബി) ഉണ്ട്. ജോലി നൽകാനുള്ള 13 പേരിൽ 6 പേരുടെ അപേക്ഷകളിൽ രേഖകൾ പൂർണ്ണമായി കിട്ടിയിട്ടില്ല. 7 പേർക്ക് ഒഴിവുകളുടെ അഭാവംമൂലം നിയമനം നൽകിയിട്ടില്ല.

(സി) ആറ്

(ഡി) അംഗവൈകല്യം സംഭവിച്ചവർക്ക് പ്രത്യേകമായി പെൻഷൻ പദ്ധതി നിലവിലില്ല. ഇൻവാലിഡ് ആയവർക്കുള്ള പെൻഷൻ പദ്ധതിയിൽപ്പെടുത്തിയാണ് അംഗവൈകല്യം സംഭവിച്ചവർക്കും പെൻഷൻ കൊടുക്കുന്നത്. അത്തരത്തിൽ 1995-2003 കാലയളവിൽ 193 പേർക്ക് ഇൻവാലിഡ് പെൻഷൻ നൽകിയിട്ടുണ്ട്.